കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.7)1716/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ–680 020.
ഫോൺ: 0487 – 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in
തീയതി.24.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പറപ്പൂക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ(പി.7)1716/17 തീയതി:24.11.2017

<u>തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-16 മുതൽ 05-06-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 31-03-2017 വരെയുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.യു.ചേക്കുട്ടി ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.08.2017 – 30.08.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന .കെ.ടി ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിജു.പി.ഡാംസൺ അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത .ടി.എസ് അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| കാർത്തിക ജയൻ | 01.04.2016 മുതൽ 31.3.17 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| പി.വി .പദ്മനാഭൻ | 01.04.2016 മുതൽ 31.3.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | വി.വസന്തകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | നിലൂഫർ.എം.ബാനു | 01.04.2016 മുതൽ 31.03 2017 വരെ |
| കൃഷി ഓഫീസർ | ജീഷ്മ (എംപ്ലോയ്മെന്റ് എക്സ്ചഞ്ച്) | 01.04.2016 മുതൽ 13.06.2016 വരെ |
| | റിസമോൾ സൈമൺ | 14.06.2016 മുതൽ 20.07.2016 F.N. വരെ |
| | കുര്യാക്കോസ് | 20.07.2016 A.N മുതൽ 26.08.2016 F.N. വരെ |
| | എൻ.കെ അജിത് മോഹനൻ | 26.08.2016 A.N. മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. | ശ്രുതി.ടി.രാംമോഹൻ | 01.04.2016 |

| | | |
|---|---|---|
| സൂപ്പർ വൈസർ | | മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.പ്രഭ.കെ. നമ്പൂതിരി | 01.04.2016 മുതൽ 12.10.2016 വരെ |
| | ഡോ.കെ.പി. സിജി | 13.10.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ഐ.എസ്.എം. | ഡോ.കെ.വനജ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡോസൻ കെ.കൊടിത്തോട്ടം | 01.04.2016 മുതൽ 19.09.2016 F.N. വരെ |
| | ഡോ.രേഖ. പി | 19.09.2016 A.N. മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ് | ടി.എ.ലിസ്സി | 01.04.2016 മുതൽ 18.01.2017 വരെ |
| | ലത പി.ആർ | 19.01.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. (നന്തിക്കര) | എ.കെ.ഹരിഹരൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. (പറപ്പൂക്കര) | കെ.ശ്രീശാന്ത് | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം | അനില | 01.04.2016 |

| | | |
|---|---|---|
| ഇൻസ്പെക്ടർ | തെയ്യംശ്ശഞ്ചേരി | മുതൽ 31.03.2017 വരെ |

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം2 | |
| 12 | മൊബൈൽ ടവർ വസ്തു നികുതി -കുടിശ്ശിക | 2-1 |
| 13 | ഐ.എ.വൈ. ധന സഹായത്താൽ അധിക തറ വിസ്തീർണ്ണത്തിൽ പണിത വീട് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-2 |
| 14 | അഗ്നിശമന ഡയറക്ടറുടെ അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി | 2-3 |
| 15 | പഞ്ചായത്ത് ഭവന പദ്ധതി പ്രകാരം പണിത വീട് അധിക തറ വിസ്തീർണ്ണത്തിൽ പണിതു - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 2-4 |

| | | |
|---|---|---|
| 16 | വാടക കുടിശ്ശിക ഈടാക്കിയില്ല | 2-5 |
| 17 | ഡി.ആന്റ്.ഒ. ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-6 |
| 18 | മാനാംകുളം മത്സ്യ കൃഷിയ്ക്ക് ലേലത്തിനു നൽകിയില്ല | 2-7 |
| 19 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-8 |
| 20 | ഇ-ടെണ്ടറിംഗ് - ടെണ്ടർ ഫീ തിരികെ ലഭിച്ചില്ല | 2-9 |
| | ഭാഗം3 | |
| 21 | എസ്.എസ്.എ.ക്ക് തുക കൈമാറിയത് - മുഴവൻ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-1 |
| 22 | പ്രിന്റിങ്ങ് കരാർ ആദായ നികുതി അടവാക്കിയിട്ടില്ല | 3-2 |
| 23 | പച്ചമരക്കട - ജാതിതൈ വിതരണം – അർഹത ഇല്ലാത്ത വ്യക്തിക്ക് നൽകി | 3-3 |
| 24 | രസീത്, ബിൽ ഹാജരാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-4 |
| 25 | ജനകീയം ജൈവ പച്ചക്കറി കൃഷി - ലക്ഷ്യം നേടിയില്ല | 3-5 |
| 26 | പൊതു കിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ - മോട്ടോർ സ്ഥാപിച്ചിട്ടില്ല | 3-6 |
| 27 | ഭവന പുനരുദ്ധാരണം - രേഖകൾ പൂർണ്ണമല്ല | 3-7 |
| 28 | ആശ്രയ അവലോകനം | 3-8 |
| 29 | മരുന്ന് വാങ്ങൽ പദ്ധതികൾ - മരുന്ന് ലഭ്യമായിട്ടില്ല | 3-9 |
| 30 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം | 3-10 |

| | | |
|---|---|---|
| | ലഭ്യമായിട്ടില്ല | |
| 31 | ആയുർവേദ ഡോക്ടർ നിർവഹണോദ്യോഗസ്ഥനായ യോഗ ട്രെയിനിങ്ങ് ഫോർ വിമൻ - നടത്തിപ്പിലെ അപാകതകൾ | 3-11 |
| 32 | ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല | 3-12 |
| 33 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ | 3-13 |
| 34 | കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല - നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ് | 3-14 |
| | ഭാഗം4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പതിരിച്ചടവ് | 4-4 |
| 39 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26.3.16 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 09.3.17ലെ 2-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| വരവ് | 124955946 | 186208520 |

| | | |
|---|---|---|
| ചെലവ് | 117072100 | 178458682 |

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.17 | 20.7.17 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1) വാർഷിക കണക്കുകൾ പരിശോധിയ്ക്കുന്നതിനാവശ്യമായ താഴെ ചേർത്തിരിക്കുന്ന രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

-വായ്പ രജിസ്റ്റർ

-സ്ഥിരനിക്ഷേപ രജിസ്റ്റർ

2) ടി.ഡി.സി.ബി അക്കൗണ്ടിന്റെ 31/3/2017ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 12/10/2015-ന് നിക്ഷേപിച്ച 553/- രൂപയും 28/1/2010-ന് നിക്ഷേപിച്ച 3750/- രൂപയും നാളിതു വരെ കളക്ഷൻ ആകാത്തതിനാൽ "cheque deposited but not collected" എന്ന ഇനത്തിൽ ചേർത്തിരിക്കുന്നു. 2015-ലും 2010-ലും നിക്ഷേപിച്ച തുകകൾ നാളിതുവരെ ക്രെഡിറ്റ് വരാത്തതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3) ടി.ഡി.സി.ബി അക്കൗണ്ടിന്റെ 31/3/2017-ലെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെ ചേർത്തിരിക്കുന്ന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ചെക്കുകൾ കക്ഷികൾ ബാങ്കിൽ സമർപ്പിക്കാത്തതിനാൽ "cheque issued but not presented" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

| ചെക്ക് നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 4834 | 21600089 | 26/4/2016 | 135 |
| 1793 | 21500852 | 15/1/2016 | 1000 |
| 222921 | 21300211 | 03/6/2013 | 500 |
| 216601 | 21300476 | 05/10/2013 | 3000 |
| 217339 | 21300393 | 22/1/2014 | 1000 |
| 217349 | 21300575 | 14/2/2014 | 1000 |
| 280920 | 21401030 | 31/3/2015 | 3750 |
| 215678 | 21 | 30/10/2011 | 770 |
| 218584 | 21400231 | 09/7/2014 | 2160 |
| 280494 | 21400745 | 05/1/2015 | 1000 |

കാലാവധി കഴിഞ്ഞ ചെക്കുകൾ Stale cheque libility എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

4) വാർഷിക കണക്കിലെ തുകകളും വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്കുകൾ പ്രകാരം | 6807314 | 2610120 | 1226807 |
| ഡിമാൻറ് രജിസ്റ്റർ പ്രകാരം | 3820049 | 2593242 | 1226807 |

5) പദ്ധതി വിഹിതം പിൻവലിച്ചത് ഡി.ഡി ആക്കുന്നതിനും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും മാത്രമായി ബാങ്ക് ഓഫ് ഇന്ത്യയിൽ തുടങ്ങിയിട്ടുള്ള അക്കൗണ്ട് നമ്പർ 855410100003645-ൽ 31/3/2017-ൽ 79080/- രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറ്റം ചെയ്യുന്നതിനാൽ ഈ അക്കൗണ്ട് തീർപ്പാക്കുന്നതിനും തുക അതാത് ശീർഷകത്തിൽ തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6) 2016-17 സാമ്പത്തിക വർഷത്തിൽ 13,63,940 രൂപ ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. 31/3/2017-ൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതും ഏജൻസികളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ Advance to implementing agencies എന്ന ശീർഷകത്തിൽ മുൻകൂർ ആയി രേഖപ്പെടുത്താതെ, പ്രവർത്തി പൂർത്തീകരിക്കുന്നതിനു മുമ്പ് തന്നെ അതാത് ആസ്തി/ചെലവ് ശീർഷകത്തിൽ തുക ചെലവഴിച്ചതായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിലും ഈ തുക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല.

7. ബാലൻസ്ഷീറ്റ് പ്രകാരം 31/3/2017-ൽ investment-Equity shares എന്ന ശീർഷകത്തിൽ 14020/- രൂപ നീക്കിയിരിപ്പ് ഉണ്ട്.എന്നാൽ ഷെയർ സർട്ടിഫിക്കറ്റുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2016-17-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10114440.15 |
| വരവ് | 47476678 |
| ആകെ | 57591118.15 |
| ചെലവ് | 42423756 |
| നീക്കിയിരിപ്പ് | 15167362.15 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സ് ആയ തുക | ചെലവ് % |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11236113 | 11236113 | 11235044 | 1069 | 99.99 |
| വികസനഫണ്ട് എസ്.സി.പി. | 9904224 | 9904224 | 3829772 | 6074452 | 38.66 |
| സംരക്ഷണഗ്രാന്റ് റോഡ് | 10089075 | 10089075 | 1434079 | 8654996 | 14.21 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3066807 | 3066807 | 1901771 | 1165036 | 62.01 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6301863 | 6301863 | 891614 | 5410249 | 14.15 |
| ലോകബാങ്ക് സഹായം | 3718861 | 3718861 | 844940 | 2873921 | 22.72 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 200 | 61410624 | 60 | 25832553 | 41 | 99 | 30 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.92% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3959580 | 7924257 | +3964677 | + 100.13 |
| നികുതിയേതര വരവുകൾ | 1176390 | 758034 | - 418356 | - 35.56 |

| | | | | |
|---|---|---|---|---|
| മറ്റു വരവുകൾ | 9029715 | 10288431 | +1258716 | + 13.94 |
| ആകെ | 14165685 | 18970722 | +4805037 | + 33.92 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 106560 | 56 |
| കർഷകത്തൊഴിലാളി പെൻഷൻ | 8574050 | 929 |
| വിധവാപെൻഷൻ | 13317450 | 1183 |
| വാർദ്ധക്യകാല പെൻഷൻ | 13825435 | 1713 |
| വികലാംഗപെൻഷൻ | 2743130 | 312 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 962890 | 96 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55639/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.08.2017 | 7/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.12.02 മുതൽ 31.12.02 വരെ | 1997-98 മുതൽ 2001-02 വരെ | 28/7/2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവർ വസ്തു നികുതി -കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ 3 മൊബൈൽ ടവറുകൾ ഉണ്ട്. ഇവയുടെ വസ്തു നികുതി 2013-14 മുതൽ കുടിശ്ശികയാണ്. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തുക |
|---|---|
| 10/281 | 47078/- രു |
| 6/522 | 68866/- രു |
| 17/247 | 73532/- രു |
| ആകെ | 189476/- രു |

കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഐ.എ.വൈ. ധനസഹായത്താൽ അധിക തറ വിസ്തീർണ്ണത്തിൽ പണിത വീട് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ - എ4-36/14

ഐ.എ.വൈ. ഭവന പദ്ധതിയിൽ നിന്നുള്ള ധനസഹായത്താൽ ശ്രീമതി.ലീന മഞ്ഞളി വീട്, പന്തല്ലൂർ എന്ന വ്യക്തി വീട് പണി തീർക്കുകയും നമ്പറിങ്ങിനായി അപേക്ഷിക്കുകയും ചെയ്തു. ഒന്നാം നില 80.52 എം$^2$, രണ്ടാം നില 60.05 എം$^2$ അടക്കം ആകെ 140.57 എം$^2$ വിസ്തീർണ്ണത്തിൽ പണിതതിനാൽ കത്ത് നമ്പർ എ4-4878/2016/22.7.2016 പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഇത്തരത്തിൽ ഐ.എ.വൈ. മാനദണ്ഡത്തിനു വിരുദ്ധമായി അധിക തറ വിസ്തീർണ്ണത്തിൽ പണിതതിനാൽ ധന സഹായം ഇനത്തിൽ കൈപ്പറ്റിയ തുക ഉടനെ

തിരിച്ചടച്ചാൽ മാത്രമേ നമ്പർ നൽകുകയുള്ളൂ എന്ന വിവരം ടിയാരിയെ അറിയിച്ചു. എന്നാൽ ഐ.എ.വൈ. ഭവന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ തുക തിരിച്ചടപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് ബ്ലോക്ക് സെക്രട്ടറിയാണ്. എന്നാൽ ഈ വിഷയം സംബന്ധിച്ച് ബ്ലോക്ക് സെക്രട്ടറിക്ക് കത്തൊന്നും നൽകിയിട്ടില്ല. ആയതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബ്ലോക്ക് സെക്രട്ടറിയെ വിവരം അറിയിക്കേണ്ടതാണ്.

# 2-3 അഗ്നിശമന ഡയറക്ടറുടെ അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി

1.ഫയൽ നമ്പർ-എ4-9027(92)/16-17

ഖാദി ആന്റ് വില്ലേജ് അസോസിയേഷന്റെ 301.55 $M^2$ കെട്ടിടത്തിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകിക്കൊണ്ടുള്ള സി1/616/ 17/DDis /10.3.2017 ഉത്തരവിൽ ഫയർ ആന്റ് സേഫ്റ്റി അംഗീകാര സർട്ടിഫിക്കറ്റ് വേണം എന്ന് നിർദ്ദേശിച്ചിരുന്നു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(iiഎ) പ്രകാരം വ്യവസായിക കൈവശ ഗണങ്ങളുടെ കാര്യത്തിൽ അവയുടെ നിലകളുടെ എണ്ണം കണക്കാക്കാതെ തന്നെ പെർമിറ്റ് നൽകുന്നതിന് മുൻപ് അഗ്നിശമന ഡയറക്ടറിൽ നിന്ന്/അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രസ്തുത അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.

2. ഫയൽ നമ്പർ-എ4-6790(54)/16-17

ശ്രീ. ജോൺ തോമസ്, മാനേജിങ്ങ് പാർട്ണർ, റാണി ഡ്രഗ് ഹൗസ് എന്ന വ്യക്തി സമർപ്പിച്ച പെർമിറ്റിനുള്ള അപേക്ഷയിൽ വ്യവസായ കൈവശഗണം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയർ ആന്റ് സേഫ്റ്റി അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.

ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 2-4 പഞ്ചായത്ത് ഭവന പദ്ധതി പ്രകാരം പണിത വീട് അധിക തറ വിസ്തീർണ്ണത്തിൽ പണിതു - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നമ്പർ - 6836/16

ശ്രീമതി തങ്ക, തിരുപ്പതി, ബോയൻ കുടാരം എന്ന വ്യക്തി പഞ്ചായത്ത് ധനസഹായത്താൽ പണിത വീടിന് നമ്പറിങ്ങിന് അപേക്ഷ നൽകിയിരുന്നു. പരിശോധനയിൽ ടിയാരി സർക്കാർ ഉത്തരവിനേക്കാൾ അധികരിച്ച തറ വിസ്തീർണ്ണത്തിൽ (100.87 $M^2$) വീട് നിർമ്മിച്ചതായി കണ്ടെത്തിയതിനാൽ നമ്പർ ഇട്ട് നൽകിയിട്ടില്ല. കത്ത് നമ്പർ എ4--6836/16 /6.10.2016

പ്രകാരം ടിയാരി കൈപ്പറ്റിയ തുക (വി.ഇ.ഒ. റിപ്പോർട്ട് പ്രകാരം 200000/- രൂപ കൈപ്പറ്റിയിട്ടുണ്ട്) തിരിച്ചടക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വാടക കുടിശ്ശിക ഈടാക്കിയില്ല

തൊട്ടിപ്പാൾ ഷോപ്പിങ് കോംപ്ലക്സ് 3-ാം നമ്പർ മുറി, പഴയ പഞ്ചായത്ത് കെട്ടിടം എന്നിവിടങ്ങളിൽ നിന്നും 50193/- രൂപ വാടക കുടിശ്ശിക വരുത്തിയത് പിരിച്ചെടുക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ എസ്.സി വ്യവസായ കേന്ദ്രം, പഴയ പഞ്ചായത്തു കെട്ടിടം എന്നിവിടങ്ങളിലെ മുറികൾ വാടകക്കു നൽകാതെ ഒഴിഞ്ഞു കിടക്കുന്നതു മൂലം പഞ്ചായത്തിനുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി.ആന്റ്.ഒ. ലൈസൻസ് നൽകിയതിലെ അപാകതകൾ

1. മലിനീകരണ നിയന്ത്രണ ബോർഡിന്റേയും മെഡിക്കൽ ബോർഡിന്റേയും സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരിക്കുന്നു. ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ 30.12.2010-ലെ PCB/40 /KTM/16741/09/01 നമ്പർ സർക്കുലർ പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ആവശ്യമാണ്.

| ക്രമ നം. | ഫയൽ നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 10389/16, 28-12-16 | കൃഷ്ണ കോൺക്രീറ്റ് |
| 2 | 1607/16, 24-02-16 | ഓൾ സെയിന്റ്സ് ടിമ്പർ ട്രേഡേഴ്സ് |
| 3 | 1864/16, 25-02-16 | സുപ്രിയ ടൈൽസ് |
| 4 | 186/16, 25-02-16 | വാസ്കോ സെറാമിക്സ് |
| 5 | 2208/16, 29-02-16 | ഹോളോബ്രിക്സ് നിർമ്മാണം |
| 6 | 12026/16, 27-02-16 | എസ് ഭായ് ബ്രിക്സ് |
| 7 | 2200/16, | എം.കെ ഫുട് വെയർ |

| | 29-02-16 | |
|---|---|---|

2. കേരള പഞ്ചായത്ത് രാജ് ചട്ട പ്രകാരമുള്ള അപേക്ഷ ഫോമിലല്ലാതെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് കൂടാതെയും ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിരിക്കുന്നു. സ.ഉ.നം.101/2012 ത.സ്വ.ഭ.വ., തീ.13/04/12 പ്രകാരം പ്രാബല്യത്തിൽ വന്ന 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം നമ്പർ 3-ൽ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

| ക്രമ നം. | ഫയൽ നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | A5/1979/16-489 /2016-17 | ഡേവീസ്, ചാഴൂർ വീട് |
| 2 | A5/1734-472 /17-648/2016-17 | ദിലീപൻ, കാരണത്ത് വീട് |
| 3 | A5/2006/16-572 /2016-17 | സിദ്ധാർത്ഥൻ, ചെറാക്കുളം വീട് |

3. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 30-ഓളം സ്ഥാപനങ്ങൾക്ക് KPR നിയമം സെക്ഷൻ 255 പ്രകാരം ചട്ടലംഘനത്തിന് ശിക്ഷയായി പിഴ ഈടാക്കാതെ ലൈസൻസ് നൽകിയിരിക്കുന്നു. മതിയായ രേഖകളോടെയും ചട്ടപ്രകാരവുമാണോ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നത് പരിശോധിക്കേണ്ടതും, ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 മാനാംകുളം മൽസ്യകൃഷിയ്ക്ക് ലേലത്തിനു നൽകിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ 5100/- രൂപക്കു മത്സ്യകൃഷി ലേലത്തിനു നൽകിയ മാനാംകുളം മൽസ്യകുളം 2016-17 സാമ്പത്തിക വർഷത്തിൽ പരാതിയെ തുടർന്ന് 30-05-2016-ലെ 5ാം നമ്പർ പഞ്ചായത്തു കമ്മിറ്റി തീരുമാന പ്രകാരം ലേലം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു. മൽസ്യത്തീറ്റയായി നിക്ഷേപിച്ച സാധനങ്ങൾ മാലിന്യമായി പരിസരവാസികൾക്ക് ശല്യമായതിനെ തുടർന്നാണ് ലേലം നടത്താതിരുന്നത്. മലിനീകരണം നടത്താൻ പാടില്ല എന്ന വ്യവസ്ഥയോടെ കുളം ലേലം ചെയ്ത് മത്സ്യകൃഷിക്ക് നൽകാമോ എന്നതിന്റെ സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-8 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

12 തൊഴിലാളികൾ പ്രവൃത്തി ചെയ്യുന്ന എം.കെ.ഫുട് വെയർ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽക്കരം 6000/- രൂപ കുടിശ്ശിക വരുത്തിയത് ഈടാക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. 65-ഓളം സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അർദ്ധ |
|---|---|

| | വർഷം |
|---|---|
| യുണൈറ്റഡ് കമ്പനി | 2 |
| ഫെഡറൽ ബാങ്ക്, നെല്ലായി | 2 |
| കെ.എസ്.ഇ.ബി. | 2 |
| ഗ്രാന്റ് ട്രേഡേഴ്സ് | 2 |
| വേണുഗോപാൽ ചിട്ടീസ് | 1, 2 |

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം (3) പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയും ചട്ടം (എ) പ്രകാരം സ്ഥാപന നികുതിയും പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 ഇ-ടെണ്ടറിംഗ് - ടെണ്ടർ ഫീ തിരികെ ലഭിച്ചില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ടെണ്ടർ ഫീ, ഇ.എം.ഡി. എന്നിവ ക്രെഡിറ്റ് ചെയ്യപ്പെടുന്നത് സ.ഉ.(എം.എസ്.)318/13/ത.സ്വ.ഭ.വ. തീ.28/09/13, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഡി.ബി.1/7942/10/സി.ഇ. ത.സ്വ.ഭ.വ. തീ.10.10.13 എന്നിവ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ്. ടെണ്ടർ ഫീ അതാത് പഞ്ചായത്തുകളുടെ വരുമാനമാണ്. ഇപ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2730/- രൂപ 2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്.എസ്.എ.ക്ക് തുക കൈമാറിയത് - മുഴുവൻ തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പദ്ധതി നമ്പർ - 45/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബിൽ നമ്പർ - 8/16-17-30.11.2016 -844298/-രൂ

എസ്.എസ്.എ.യിൽ നിന്നുള്ള റിക്വിസിഷൻ ബി-880/SSA തൃശ്ശൂർ-2016-17/ 12.7.16-ാം നമ്പർ പ്രകാരം 21,10,744/- രൂപയുടെ 40% തുകയായ 844298/- രൂപ അടയ്ക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് 8,44,298/- രൂപ എസ്.എസ്.എ.ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 11,93,393/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. ആയതിന്റെ 40% കണക്കാക്കുമ്പോൾ 4,77,357/- രൂപ മാത്രമേ പഞ്ചായത്ത് അടവാക്കേണ്ടതുള്ളൂ. അധികം നൽകിയ 3,66,941/- രൂപ (844298-477357) തിരികെ ലഭിക്കാനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-2 പ്രിന്റിങ്ങ് കരാർ - ആദായ നികുതി അടവാക്കിയിട്ടില്ല

പദ്ധതി നമ്പർ - 33/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിങ്ങ് ചെലവുകൾ എന്ന പദ്ധതിയിൽ മണികണ്ഠൻ പ്രിന്റേഴ്സ് മറ്റത്തൂരിന് താഴെ പറയും പ്രകാരം തുക പ്രിന്റിങ്ങ് ചെലവുകൾക്ക് നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 952/ തിയതി ഇല്ല. | 7400/- |
| 918/ 14.2.17 | 14300/- |
| 774/ 29.11.2016 | 22000/- |
| 777/ തിയതി ഇല്ല. | 8065/- |
| 775/ 29.11.2016 | 3900/- |
| 953/ തിയതി ഇല്ല. | 35500/- |

പ്രിന്റിങ്ങ് കരാർ എടുത്ത കരാറുകാരന് പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി പ്രിന്റിങ്ങ് ചാർജ്ജ് നൽകിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത ആദായ നികുതി ഈടാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ-11/30.8.2017). ആദായ നികുതി നിയമം വകുപ്പ് 194 (സി) പ്രകാരം നിയമാനുസൃത ആദായ നികുതി 1% ഈടാക്കി അടവാക്കേണ്ടതാണ്.

## 3-3 പച്ചമരക്കുട -ജാതിതൈ വിതരണം -അർഹത ഇല്ലാത്ത വ്യക്തിക്ക് നൽകി

പദ്ധതി നമ്പർ - 153/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷിഓഫീസർ

ബിൽ നമ്പർ- 4/16-17/31.3.2017 -67500/-രൂ

ജില്ലാ പഞ്ചായത്ത് വിഹിതം -200000/-രൂ

ഗുണഭോക്തൃ വിഹിതം -66875/-രൂ

ജാതിതൈ വിതരണത്തിനായി തയ്യാറാക്കിയ പദ്ധതി പ്രകാരം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൽ നിന്നും (ഇൻവോയ്സ് നമ്പർ-EKM/CR/16-17/956/LR /തീയതി.22.3.2017) 115 ബഡ് ജാതി തൈകൾ വാങ്ങി (300/- രൂപ നിരക്കിൽ) വിതരണം നടത്തി. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകം കാണുന്നു.

നിലം കാറ്റഗറിയിൽ പെട്ട ഭൂമി -ജാതി തൈ നൽകിയത് 50 എണ്ണം

ജാതി തൈ വിതരണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രീ റെജിൻ പാലത്തിങ്കൽ എന്ന വ്യക്തി ഹാജരാക്കിയ പൊസഷൻ സർട്ടിഫിക്കറ്റിൽ ടിയാൾക്ക് 3 സർവ്വെ നമ്പറിൽ ഭൂമി ഉള്ളതായും പ്രസ്തുത ഭൂമി എല്ലാം തന്നെ നിലം കാറ്റഗറിയിൽ ഉൾപ്പെടുന്നതായും കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/29.8.2017) മറുപടിയായി പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ പുരയിടം/തെങ്ങിൻ പറമ്പ് എന്ന പരാമർശത്തോടു കൂടിയുള്ളതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ ടിയാന്റെ പൊസഷനിൽ ഉൾപ്പെട്ട സർവ്വേ നമ്പറുകളെല്ലാം തന്നെ (പറപ്പൂക്കര വില്ലേജ് സർവ്വേ നമ്പർ- 244,242,243/1) കൃഷി ചെയ്യുന്ന ഭൂമി കുഴിയായി കിടക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി ടിയാന്റെ ഭൂമി ജാതിതൈ നടുന്നതിന് ഉപയുക്തമാണോ എന്ന വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 12,000/- രൂപ (വികസന ഫണ്ട് വിഹിതം) തടസ്സപ്പെടുത്തുന്നു. കൂടാതെ ഭൂരിഭാഗം ഫയലുകളിലും കരം അടച്ച രസീത് മാത്രം വച്ചിരിക്കുന്നതിനാൽ മേൽ പ്രകാരം അർഹത ഇല്ലാത്ത വ്യക്തികൾക്ക് ജാതി തൈ നൽകുവാനിടയായിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിന് പരിശോധിക്കുവാനായിട്ടില്ല.

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക മാത്രമല്ല മോണിറ്ററിങ്ങ് കൂടി ഫലപ്രദമായി നടപ്പിലാക്കണം എന്ന വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 രസീത്, ബിൽ ഹാജരാക്കിയിട്ടില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നമ്പർ – 107/17 (ജനറൽ)

പ്രൊജക്റ്റ് നമ്പർ - 109/17 (എസ്.സി.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നമ്പർ - 7/16-17/31.3.2017-5320/- രൂപ (എസ്.സി.പി.)

ബിൽ നമ്പർ - 6/16-17/31.3.2017-24160/- രൂപ (ജനറൽ)

ജനകീയം ജൈവ പച്ചക്കറി കൃഷി പ്രൊജക്റ്റുകൾ പ്രകാരം എസ്.സി.പി. പദ്ധതിക്കായി വി.എഫ്.പി.സി.കെ.-ക്ക് വിത്തുകളുടെ വിലയായി 1360/- രൂപ നൽകി. കൈപ്പറ്റ് രസീത് ഫയലിൽ ഇല്ല. കൂടാതെ പച്ചക്കറി തൈകളുടെ വിലയായി 3960/- രൂപ SAO, SSF നടവരമ്പിന് നൽകിയിട്ടുണ്ട്. ബിൽ, കൈപ്പറ്റ് രസീത് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ജനറൽ പദ്ധതിക്കായി വി.എഫ്.പി.സി.കെ.-യിൽ നിന്ന് 8000/- രൂപക്ക് വിത്തുകൾ വാങ്ങിയിട്ടുണ്ട്. കൈപ്പറ്റ് രസീത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പച്ചക്കറി തൈകളുടെ വിലയായി 3960/- രൂപ SAO, SSF നടവരമ്പിന് നൽകിയിട്ടുണ്ട്. ബിൽ, കൈപ്പറ്റ് രസീത് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കാത്തതിനാൽ 17,280/- രൂപയുടെ ചെലവ് തുക (1360+3960+8000+3960) തടസ്സപ്പെടുത്തുന്നു.

## 3-5 ജനകീയം ജൈവ പച്ചക്കറി കൃഷി - ലക്ഷ്യം നേടിയില്ല

പ്രൊജക്ട് നമ്പർ - 109/17 (എസ്.സി.പി.)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

ബിൽ നമ്പർ - 7/16-17/31.3.17- 5320/-രൂപ

100 ഗുണഭോക്താക്കൾക്ക് പച്ചക്കറി കൃഷിക്ക് വിത്ത്, തൈകൾ, വളം എന്നിവ നൽകുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ 17 ഗുണഭോക്താക്കൾ മാത്രമേ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുള്ളൂ. വിത്ത്, തൈകൾ എന്നിവയുടെ വിതരണം മാത്രമേ നടത്തിയിട്ടുള്ളൂ. കൃഷി ഓഫീസർ ഹാജരാക്കിയ റിപ്പോർട്ട് പ്രകാരം ആരും തന്നെ വിജയകരമായി പച്ചക്കറി കൃഷി ചെയ്യാത്തതിനാൽ വളം വിതരണം നടത്തിയിട്ടില്ല. 10.64% ആണ് പദ്ധതി ചെലവ്. വ്യക്തമായ ആസൂത്രണമില്ലാതെ ഫണ്ട് ചെലവഴിക്കുന്നതിനു മാത്രം ആയി പദ്ധതികൾ തയ്യാറാക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-6 പൊതു കിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ - മോട്ടോർ സ്ഥാപിച്ചിട്ടില്ല

1) പ്രൊജക്ട് നമ്പർ - 193/17

ബിൽ നമ്പർ - 42/16-17/30.3.2017 - 16394/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

തൊട്ടിപ്പാൾ പി.എച്ച്.സി.ക്കു സമീപമുള്ള പൊതു കിണറിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി 16394/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മോട്ടോർ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്.

2) പ്രൊജക്ട് നമ്പർ - 167/17

ബിൽ നമ്പർ - 40/16-17/30.03.17, 16394/- രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

തൊട്ടിപ്പാൾ വടക്കേ ലക്ഷം വീട് കോളനി പൊതു കിണറിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി 16394/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മോട്ടോർ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. മോട്ടോറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ഭവന പുനരുദ്ധാരണം - രേഖകൾ പൂർണ്ണമല്ല

പദ്ധതി നമ്പർ - 103/17
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

| ബിൽ നമ്പർ | തുക |
|---|---|
| 3/16-17/ 20.3.17 | 49600/- |

| | |
|---|---|
| 4/16-17/ 20.3.17 | 99200/- |
| 5/16-17/ 20.3.17 | 165300/- |
| 7/16-17/ 20.3.17 | 74400/- |
| 9/16-17/ 31.3.17 | 223200/- |
| 11/16-17/ 31.3.17 | 151000/- |
| ട്ര.ചെക്ക്നം.1841583/ 31.3.17 | 234650/- |
| ആകെ | 997350/- |

ഭവന പുനരുദ്ധാരണ പ്രവൃത്തിയിൽ 43 ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ ഫയൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) വീടുകളുടെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) 9 ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് മാത്രമേ ഫയലിൽ ഉള്ളൂ.

3) 25000/- രൂപയിൽ അധികം വാല്യൂവേഷൻ ലഭിച്ചവർക്കും 25000/-ൽ കുറഞ്ഞ തുക മാത്രമാണ് നൽകിയിരിക്കുന്നത്. ഇതിന് ആധാരമായി പ്രത്യേക കാരണമൊന്നും ഫയലിൽ ഇല്ല.

4) ഭവന പുനരുദ്ധാരണത്തിനായി തുക നൽകിയത് സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തുക നൽകിയതിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. (9,97,350/-)

# 3-8 ആശ്രയ അവലോകനം

ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിച്ചത് 2002-ൽ ആണ്. ഒന്നാംഘട്ട പദ്ധതിക്കായി ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. പകരം പദ്ധതി സംബന്ധിച്ച് എഴുതി സൂക്ഷിച്ച രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ അനുസരിച്ച് 46195/- രൂപ പ്ലാൻ ഫണ്ട് ഒന്നാം ഘട്ടം ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്.

രണ്ടാം ഘട്ട പദ്ധതിക്ക് 2014-ൽ അംഗീകാരം ലഭിച്ചു. 2016-17 സാമ്പത്തിക വർഷം അവസാനിക്കേണ്ട പ്രസ്തുത പദ്ധതിക്കായി 4124000/- രൂപ പ്ളാൻ ഫണ്ട് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ 1500000/- രൂപ പ്ലാൻ ഫണ്ട് കുടുംബശ്രീക്ക് കൈമാറിയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല. സമൂഹത്തിലെ ഏറ്റവും ദുർബലരായ ആശ്രയ ഗുണഭോക്താക്കൾക്കായി ഉള്ള പദ്ധതി സമയബന്ധിതമായും കാര്യക്ഷമമായും നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-9 മരുന്ന് വാങ്ങൽ പദ്ധതികൾ - മരുന്ന്/ഉപകരണങ്ങൾ ലഭ്യമായിട്ടില്ല

എ) പ്രൊജക്റ്റ് നമ്പർ - 149/17

ബിൽ നമ്പർ - 6/16-17/21.2.2017- 50000/- രൂപ

മരുന്ന് വാങ്ങൽ പദ്ധതിക്കായി 50000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

ബി) പ്രൊജക്റ്റ് നമ്പർ - 148/17

ബിൽ നമ്പർ - 5/16-17/21.2.2017-352000/-രൂ

ബിൽ നമ്പർ-8/16-17/27.3.2017-112533/-രൂ

പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 4,64,533/- രൂപ നൽകിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിനായി 352000/- രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി 112533/- രൂപയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഇവ നാളിതുവരെ ലഭ്യമായിട്ടില്ല.

മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം. | പദ്ധതി നമ്പർ | ബിൽ നമ്പർ/ തുക | റിമാർക്സ് |
|---|---|---|---|
| 1 | 215/17-18 വാർഡുകളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | 44/16-17 /31.3.2017- 799720/-രൂ | കെ.എസ്.ഇ.ബി.ക്ക് നൽകിയത് |
| | | 45/16-17 /31.3.2017- 45220/-രൂ | |
| 2 | 219/17<br>പറപ്പൂക്കര എസ്.സി. സാംസ്കാരിക നിലയം കുടിവെള്ള കണക്ഷൻ | 37/16-17 /27.3.2017- 50000/-രൂ | വാട്ടർ അതോറിറ്റിക്ക് നൽകിയത് |

| | | | |
|---|---|---|---|
| 3 | 173/17 ആശ്രയ ഭവന നിർമ്മാണം | 14/16-17 /2.12.2016 – 500000/-രൂ | കുടുംബശ്രീക്ക് കൈമാറിയത് |
| 4 | 191/17 രാപ്പാൾ കിഴക്കും മുറി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 43/16-17 /31.3.2017 – 150000/-രൂ | വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| 5 | 192/17 സാമൂഹ്യ സുരക്ഷ മിഷൻ വിഹിതം നൽകൽ | 27/16-17 /21.2.2017- 500000/-രൂ | സാമൂഹ്യ സുരക്ഷ മിഷന് കൈമാറിയത് |
| 6 | 49/16-17 /തെരുവ് നായ നിയന്ത്രണ പരിപാടികൾ | 28/16-17 /27.2.2017- 70000/-രൂ | ജില്ലാ പഞ്ചായത്തിന് നൽകിയത് |
| 7 | 53/17 പി.എം.എ.വൈ. തുക അടവാക്കൽ (ജനറൽ) | 12/16-17 /30.11.2016- 80000/- രൂ | ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് |
| 8 | 79/17 ആശ്രയ ഭവന നിർമ്മാണം | 13/16-17 /30.11.2016- 400000/-രൂ | കുടുംബശ്രീക്ക് കൈമാറിയത് |
| 9 | 83/17 പി.എം.എ.വൈ. തുക അടവാക്കൽ (എസ്.സി.) | 11/16-17 /30.11.2016- 146000/-രൂ | ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് |
| 10 | 44/17 ഐ.എ.വൈ. അധിക വിഹിതം നൽകൽ | 10/16-17 /30.11.2016- 264500/-രൂ | ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് |
| 11 | 11/17 ആലത്തൂർ കാരക്കാട്ട കടവ് ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതീകരണം | 32/16-17 /13.3.2017- 319000/-രൂ<br>ചെക്ക് നമ്പർ- 13434/18.7.17- 9000/-രൂ | കെ.എസ്.ഇ.ബി.ക്ക് നൽകിയത് |
| | ആകെ | 3333340/- | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 ആയുർവേദ ഡോക്ടർ നിർവ്വഹണോദ്യഗസ്ഥനായ യോഗ ട്രെയിനിങ്ങ് ഫോർ വിമൻ നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ – 140/17

ഈ പ്രോജക്ടിനായി ബിൽ നം.3/16-17, dt.27/1/17 പ്രകാരം 50000/- രൂപയ്ക്ക് ഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങി, ആയത് സ്റ്റോക്കിലെടുക്കുകയും പരിശീലനാർത്ഥികൾക്ക് (ഏതാണ്ട് 60-ഓളം പേർക്ക്) വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിതരണരേഖകൾ പരിശോധിച്ചതിൽ ചില അപാകതകൾ കാണുന്നു. ഔഷധിയുടെ ഇൻവോയ്സ് നം.3125/dt.10 /1/2017 പ്രകാരം കർപ്പൂരാദി തൈലം -200ml, 100 എണ്ണം വാങ്ങിയിട്ടുണ്ട്. എന്നാൽ 58 എണ്ണം മാത്രമാണ് വിതരണ രേഖകളിൽ വിതരണം ചെയ്തതായി കാണുന്നത്. ഇതേ ഇൻവോയ്സ് പ്രകാരം ച്യവനപ്രാശം- 200 ml, 24 എണ്ണം വാങ്ങിയെങ്കിലും വിതരണരേഖകൾ പ്രകാരം 9 എണ്ണം മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്. മറ്റു പല മരുന്നുകളുടെയും വിതരണത്തിൽ ഇത്തരത്തിലുള്ള അപാകതകൾ കാണുന്നുണ്ട്.

യോഗാ പരിശീലിനത്തിനായി അദ്ധ്യാപകനെ നിയോഗിച്ചതിന്റെയും രേഖകൾ പൂർണമല്ല. അദ്ധ്യാപകനെ നിയമിച്ചപ്പോൾ, അദ്ദേഹത്തിന്റെ വേതനം. ജോലിസമയം എന്നിവയെക്കുറിച്ചോ, എടുക്കേണ്ട ക്ലാസ്സുകളുടെ എണ്ണത്തെക്കുറിച്ചോ അദ്ദേഹവുമായി ഒരു കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. ഇത്തരത്തിലുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(ആർ.ടി.)2037/2016/ത.സ്വ.ഭ.വ. തി.30/06/2016 അനുസരിച്ച് യോഗ പരിശീലനത്തിന്, ആയുഷുമായി സഹകരിച്ച് ആണ് പദ്ധതി തയ്യാറാക്കേണ്ടത്. മാത്രമല്ല, മാർഗ്ഗരേഖാ വിരുദ്ധമായി പരിശീലനാർത്ഥികൾക്ക് മരുന്നു വാങ്ങുന്നതിനായി ചെലവ് ചെയ്ത 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ S0135/17, ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ, അനുസരിച്ച് 400000/- രൂപയ്ക്ക് (ബിൽ നം.2/2016-17, dt.13/1/17) ഔഷധിയിൽ നിന്നും മരുന്ന് വാങ്ങാൻ കരാറിൽ ഏർപ്പെട്ടു എങ്കിലും നാളിതുവരെ 386202/- രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 13798/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ

വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായ പ്രോജക്ട് നം.SO078/17, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി, 50 ഗുണഭോക്താക്കൾക്കായി 312500/- രൂപ ബിൽ നം.GP.1/16-17, dt.22/2/17 പ്രകാരം പിൻവലിച്ച് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, SLBP തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. 22/4/2017-ന് തീറ്റ വിതരണം ആരംഭിച്ചു. ഇതിനിടയിൽ തന്നെ യമുനാദേവി, ആളോത്ത്, എന്നവർ പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായി കാണുന്നു. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതും, ഇത്തരത്തിൽ

പദ്ധതിയിൽ നിന്നും വിട്ട് പോകുന്ന ഗുണഭോക്താക്കൾക്കായി SLBP-യിൽ അടവാക്കിയ പദ്ധതിവിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

# 3-14 കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല - നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചതായി കാണുന്നില്ല. കരാർ കാലാവധി നീട്ടാനുണ്ടായ പ്രത്യേക സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പ്രവൃത്തികൾക്ക് കരാർ പ്രകാരമുള്ള നിശ്ചിത പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കരാർ തുക | സൈറ്റ് ഹാന്റ് ഓവർ തിയതി/ കാലയളവ് | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | കോൺട്രാക്ടറുടെ പേര് |
|---|---|---|---|---|---|---|
| 1 | പോങ്കോത്ര, തൊട്ടിപ്പാൾ പി.എച്ച്.സി. സബ്സെന്ററുകളുടെ നവീകരണം | 400000 | 3.3.16/ 3 മാസം | 03.06.16 | 15.02.17 | രതീഷ് കുമാർ.ടി., തുലാപ്പിള്ളി ഹൗസ്, നെല്ലായി |
| 2 | ആലത്തൂർ കാരക്കാട്ട് കടവ് ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം | 641100 | 2.3.16/ 3 മാസം | 02.06.16 | 24.06.17 | ജോസഫ്.കെ.പി., കണ്ണമ്പിള്ളി ഹൗസ്, കോനൂർ |
| 3 | പി.എച്ച്.സി. നവീകരണം | 200000 | 3.3.16/ 3 മാസം | 03.06.16 | 15.05.17 | കമിൽ. കെ.കെ., കൊരട്ടിക്കാട്ടിൽ ഹൗസ്, നന്തിക്കര |
| 4 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ കിണർ നിർമ്മാണം | 40000 | 2.3.16/ 3 മാസം | 02.06.16 | 25.02.17 | മനോജ്.കെ.എൻ, കല്ലിക്കടവിൽ ഹൗസ്, നെല്ലായി |
| 5 | 105-ാം നമ്പർ അംഗൻവാടിക്ക് ട്രസ്സ് വർക്കും കോണിയും നിർമ്മിക്കൽ | 120000 | 3.3.16/ 3 മാസം | 03.06.16 | 18.01.17 | ഷമ്മി. എം.കെ., മുണ്ടയ്ക്കൽ ഹൗസ്, കൊടകര |
| 6 | കൊളത്തൂർ, കോണിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം | 100000 | 31.03.15/ 3 മാസം | 31.06.15 | 18.04.16 | രതീഷ്.ടി, തുലാപ്പിള്ളി വീട് |

| | | | | | | |
|---|---|---|---|---|---|---|
| 7 | പോങ്കോത്ര ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരണം | 150000 | 24.3.15/ 3 മാസം | 24.06.15 | 30.05.16 | രതീഷ്. ടി., തുലാപ്പിള്ളി വീട്, നെല്ലായി |
| 8 | ഉളുമ്പത്തുകുന്ന് സ്വാശ്രയ കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി. | 69000 | 3.3.16/ 3 മാസം | 03.06.16 | 18.08.16 | രതീഷ് കുമാർ. ടി., തുലാപ്പിള്ളി ഹൗസ്, നെല്ലായി |

കരാർ വ്യവസ്ഥയനുസരിച്ച്, നിശ്ചിത കാലാവധിയുടെ 20% സമയംകൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1% വീതം ചുമത്തിക്കൊണ്ടും, പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% വീതം ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടാൻ പാടുള്ളൂ. എന്നാൽ കോൺട്രാക്ടർമാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കിയതായി കാണുന്നില്ല. വൈകിയ കാലാവധിക്ക്, പിഴ കണക്കാക്കി കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2016-17 | 510000 | നെൽകൃഷിയ്ക്ക് കൂലി ചെലവ് സബ്സിഡി | 510000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 87590 | ഹൈബ്രിഡ്-കുറിയ ഇനം തെങ്ങിൻ തൈകളുടെ വിതരണവും പരിപാലനവും | 87590 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 200000 | പച്ചമരക്കട | 200000 | 0 |
| ശുചിത്വ മിഷൻ (കേന്ദ്രാവിഷ്കൃത ഫണ്ട്) | 2016-17 | 120000 | വ്യക്തിഗത കക്കൂസ് നിർമാണം | 120000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (കേന്ദ്രാവിഷ്കൃത ഫണ്ട്) | 2016-17 | 600000 | അംഗനവാടി അനുപൂരക പോഷകാഹാരം | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 130000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 130000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 150000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ശുചിത്വ മിഷൻ (സംസ്ഥാനാവിഷ്കൃത ഫണ്ട്) | 2016-17 | 224424 | വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് | 224424 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 295000 | ക്ഷീര കർഷകർക്കു പാലിനു സബ്സിഡി | 295000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | എസ്.സി കോളനികളിലെ സാംസ്കാരിക നിലയങ്ങളിൽ കരിയർ ഗൈഡൻസ് | 0 | 100000 |

എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ മേൽ വിവരങ്ങൾ വാർഷിക കണക്കുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.
(ബാലൻസ് ഷെഡ്യൂൾ B-4)

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ആലത്തൂർ കാരക്കാട്ട് കടവ് | 32/16-17/ 13.03.17 | 319000 | 0 | 319000 |

| | | | | | |
|---|---|---|---|---|---|
| | ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതീകരണം | | | | |
| കെ.എസ്.ഇ.ബി | വാർഡുകളിലേയ്ക്ക് സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | 44/16-17/ 31.03.17, 45/16-17/ 31.03.17 | 844940 | 0 | 844940 |
| കേരള വാട്ടർ അതോറിറ്റി | രാപ്പാൾ കുടിവെള്ള പൈപ്പ് ലൈൻ | 43/16-17/ 31.03.17 | 150000 | 0 | 150000 |
| കേരള വാട്ടർ അതോറിറ്റി | പറപ്പൂക്കര എസ്.സി സാംസ്കാരിക നിലയത്തിലേയ്ക്ക് | 37/16-17/ 27.03.17 | 50000 | 0 | 50000 |
| | | | 1363940 | 0 | 1363940 |

(ഖണ്ഡിക 1.3.6 കാണുക).

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ശതാബ്ദി ഭവനപദ്ധതി | 72166/DB1/ 15/16.3.15 | 14600000 | 12890000* | 2000000 | 1991758 | 12600000 |

(* 2015-16-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ബാലൻസ് 1,28,30,000/- ആയിരുന്നു)

വായ്പ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. നീക്കിയിരിപ്പ് തുക ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം തെറ്റാണ്. വാർഷിക കണക്ക് പ്രകാരം ബാലൻസ് ശരിയാണ്.

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 605222 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 605222 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| സ്ഥിരനിക്ഷേപം | 605222 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം

എ) ടി.ഡി.സി.ബി ബാങ്കിൽ സ്ഥിരനിക്ഷേപം –591202
ബി) ഇക്വിറ്റി ഷെയറുകൾ -14020

എന്നാൽ ബാങ്കിൽ സ്ഥിരനിക്ഷേപം പുതുക്കിയതിന്റെ സർട്ടിഫിക്കറ്റ്, ഇക്വിറ്റി ഷെയർ സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഖണ്ഡിക 1-6(7) കാണുക).

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 19452/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 2-3(1)(3) | 150 | ഉണ്ണികൃഷ്ണൻ | 11607100376 തീ.23/04/2016 |
| 2006-07 | 3-13 | 6878 | സി.വി.ജോവി | 11607101484 തീ.08/07/2016 |
| 2014-15 | 2(8) | 3000 | എം.എ.ഷാനവാസ് | 11607102029 തീ.06/08/2016 |
| 2002-03 | 2(3) | 100 | സെക്രട്ടറി | 11607102707 തീ.19/09/2016 |
| 1998-99 | 20(a)(1) | 68 | സെക്രട്ടറി | 11607102708 തീ.19/09/2016 |
| 1998-99 | 20(b) | 255 | സെക്രട്ടറി | 11607102710 തീ.19/09/2016 |
| 1998-99 | 22 | 88 | സെക്രട്ടറി | 11607102710 തീ.19/9/2016 |

| | | | | |
|---|---|---|---|---|
| 2002-03 | 2(1) | 496 | രഘുറാം | 11607105187 തീ.13/01/2017 |
| 2002-03 | 3(2) | 1000 | സന്തോഷ് | 11607103139 തീ.28/09/2016 |
| 2003-04 | 3(14) | 696 | കെ.എൻ.മനോജ് | 11607103154 തീ.28/09/2016 |
| 2004-05 | 3(7) | 1375 | കെ.എൻ.മനോജ് | 11607103155 തീ.28/09/2016 |
| 2003-04 | 3(1) | 800 | ഫിലിപ്പ് മാത്യൂ | 11607104044 തീ.03/11/2016 |
| 2004-05 | 3(1) | 1200 | ഫിലിപ്പ് മാത്യൂ | 11607104045 തീ.03/11/2016 |
| 2012-13 | 3(3) | 1250 | വിനയൻ | 11607104064 തീ.03/11/2016 |
| 1997-98 | 25 | 500 | ഐ.വി.ആനന്ദൻ | 11607101246 തീ.15/06/2016 |
| 2012-13 | 3(3) | 1000 | എം.സി.വിനയൻ | 11607108149 തീ.28/03/2017 |
| 2015-16 | 3(6) | 596 | മണികണ്ഠൻ | 11607108222 തീ.29/03/2017 |
| | | 19452 | | |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47476678 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42423756 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4409970 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 12000 | എൻ.കെ.അജിത്ത് മോഹനൻ, കൃഷി ഓഫീസർ |
| 3-4 | 17280 | എൻ.കെ.അജിത്ത് മോഹനൻ, കൃഷി ഓഫീസർ |
| 3-7 | 997350 | എ.കെ.ഹരിഹരൻ, വി.ഇ.ഒ., നന്തിക്കര |
| 3-10 | 3333340 | പി.വി.പത്മനാഭൻ, സെക്രട്ടറി |
| 3-11 | 50000 | ഡോ.കെ.വനജ, ആയുർവേദ ഡോക്ടർ |
| ആകെ | 4409970 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

3-4

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക |
|---|---|---|

| | | |
|---|---|---|
| 1986-87,<br>1987-88<br>1988-89,<br>1989-90,<br>1990-91 | എൽ.എഫ്.ടി(പി3)-2538/2011<br>തിയതി.20.10.2011/08.12.2011 | |
| 1995-96 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16<br>(ഓഡിറ്റ് അദാലത്ത്) | 2 |
| 1996-97 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16<br>(ഓഡിറ്റ് അദാലത്ത്) | 9 |
| 1997-98 | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16<br>(ഓഡിറ്റ് അദാലത്ത്) | 14 |
| 1998-99<br>(ചെലവ്) | കെ.എസ്.എ-ടി.എസ്.ആർ (പി7)263/16/26-2-16<br>(ഓഡിറ്റ് അദാലത്ത്) | 9 |
| 1999-2000 | എൽ.എഫ്.ടി.16-341/03 തിയതി. 02.08.2003 | |
| 2000-01,<br>2001-02 | എൽ.എഫ്.ടി.16-1528/03 തിയതി. 14.05.2004 | |
| 2000-01 | എൽ.എഫ്.ടി.16-612/04 തിയതി. 04.09.2004 | |
| 2001-02 | എൽ.എഫ്.ടി.16-2062/06<br>തിയതി.25.03.2007/14.10.2007 | |
| 2002-03 | എൽ.എഫ്.ടി.16-2063/06<br>തിയതി.05.04.2007/15.10.2007 | |
| 2003-04 | എൽ.എഫ്.ടി.16-1676/08 തിയതി.08.03.2010 | |
| 2004-05 | എൽ.എഫ്.ടി.16-1677/08 തിയതി.08.03.2010 | |
| 2005-06 | എൽ.എഫ്.ടി.16-2005/09 തിയതി.06.09.2010 | |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.ടി.16-2006/09 തിയതി.06.09.2010 | |
| 2007-08 | എൽ.എഫ്.ടി.(പി3)-568/12 തിയതി.24.09.2012 | |
| 2008-09 | എൽ.എഫ്.ടി.(പി3)-569/12 തിയതി.24.09.2012 | |
| 2009-10 | എൽ.എഫ്.ടി.(പി3)-570/12 തിയതി.24.09.2012 | |
| 2010-11 | എൽ.എഫ്.ടി.(പി3)571/12<br>തിയതി.24.09.2012/04.02.2013 | |
| 2011-12 | എൽ.എഫ്.ടി.(പി3)-911/13<br>തിയതി.20.08.2013/04.12.2013 | |
| 2012-13 | എൽ.എഫ്.ടി.(പി7)-228/14<br>തിയതി.10.10.2014/12.12.2014 | |
| 2013-14 | കെ. എസ്.എ. ടി. എസ്. ആർ.(പി 7) 188/15<br>തിയതി.07.07.2015/11.09.2015 | |
| 2014-15 | കെ. എസ്.എ.ടി.എസ്.ആർ.(പി7)875/16<br>തിയതി.03.06.2016 | |
| 2015-16 | നം.കെഎസ്എ.ടിഎസ്ആർ (പി 7)2098/16<br>തിയതി.16.01.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.-ടി.എസ്.ആർ.(പി.7)1716/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680020
ഫോൺ- 0487 2331240
തീയതി:24.11.2017
ഇ.മെയിൽ-dotsr.ksad@kerala.gov.in

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA.TSR(P7)1716/17

Kerala State Audit Department,
District Audit Office,
Thrissur-680 020.

Date: 24.11.2017

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Parappukara Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Parappukara Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office,
Thrissur.